"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള മീഡിയ അക്കാഡമി- ജേർണലിസം ആൻഡ് കമ്മ്യൂണിക്കേഷൻ ലക്ചറർ തസ്തികയുടെ യോഗ്യത, നിയമന നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ നിർണ്ണയിച്ച് -ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/I&PRD തീയതി,തിരുവനന്തപുരം, 08-07-2024

---

പരാമർശം

1. 01/07/2011 ലെ സ.ഉ.(എം.എസ്) നം. 4/11/ഐ&പി.ആർ.ഡി.
2. 29/04/2023-ലെ മീഡിയ അക്കാദമി സെക്രട്ടറിയുടെ 79/ഇ/2022/കെ. എം. എ നമ്പർ കത്ത്.
3. 11/02/2021 ലെ സ.ഉ.(പി)നം.29/2021/ധന നം.ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള മീഡിയ അക്കാദമിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിൽ ലക്ചറർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുകയും, ടി തസ്തികയിൽ ലക്ചററെ നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത തസ്തികയിൽ നിയമിതയായ ലക്ച്ചറർ വിരമിച്ചതിനെ തുടർന്ന്, പുതുതായി നിയമനം നടത്തുന്നതിലേക്കുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം(2) പ്രകാരം ജേണലിസം& കമ്യൂണിക്കേഷൻ പി.ജി ഡിപ്ളോമ കോഴ്സ് ലക്ചറർ തസ്തികയുടെ യോഗ്യത, നിയമനത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങൾ സഹിതം അക്കാദമി സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മീഡിയാ അക്കാദമി ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻ ലക്ചറർ തസ്തികയുടെ അംഗീകൃത വിദ്യാഭ്യാസ യോഗ്യത, പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായി കേരള മീഡിയാ അക്കാദമി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു കൊണ്ടുള്ള ഉത്തരവു പ്രകാരം ലക്ചറർ തസ്തികയിലേയ്ക്ക് അനുവദിച്ചിരിക്കുന്ന ശമ്പള സ്കെയിൽ എന്നിവ കണക്കിലെടുത്ത്, കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ ലക്ചറർ തസ്തികലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള സ.ഉ(പി)നം. 29/2021/ധന തീയതി 11/02/2021 ഉത്തരവിലെ കാറ്റഗറി X പ്രകാരമുള്ള വേതനം അനുവദിക്കാവുന്നതാണെന്ന (Maximum monthly contract pay Rs. 36,000/-) വ്യവസ്ഥ മുൻനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് ഹരികിഷോർ ഐ എ എസ്**

**സെക്രട്ടറി**

സെക്രട്ടറി, കേരളാ മീഡിയാ അക്കാദമി, കാക്കനാട്, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
അക്കൗണ്ട്സ് ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (എ2/55/2022/ഐ&പി.ആർ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 09-07-2024 14:58:00

സെക്ഷൻ ഓഫീസർ

പകർപ്പ്

1.ബഹു. മുഖ്യമന്ത്രിയുടെ പി. എസ്-ന്
2.ഡയറക്ടറുടെ / അഡീ. ഡയറക്ടറുടെ (Genl & Admin/EMD)/-സി.എ. യ്ക്ക്.
3. ഡെപ്യൂട്ടി സെക്രട്ടറി-യ്ക്ക്